(സി) നിലവിലുള്ള 'ഫാൾസ് നമ്പർ' 'ത്രീ ടയർ കമ്പാർട്ട്മെന്റൽ സിസ്റ്റം' തുടങ്ങിയവ തുടരുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കമ്മീഷൻ നടത്തുന്ന ഒബ്ജക്ടീവ് മാതൃകയിലുള്ള പരീക്ഷകളുടെ ഉത്തരക്കടലാസുകളുടെ മൂല്യനിർണ്ണയം നടത്തുന്നതിന് ഒപ്ടിക്കൽ മാർക്ക് റീഡർ (ഒ.എം.ആർ.) എന്ന കമ്പ്യൂട്ടർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) പരീക്ഷാ സംവിധാനത്തിന്റെ നിലവിലുള്ള വിശ്വാസ്യത നിലനിർത്തിക്കൊണ്ടുതന്നെയാണ് ഒ.എം.ആർ. സംവിധാനം ഉപയോഗിക്കുന്നത്. അതായത് ഒ.എം.ആർ. കേവലം ഉത്തരക്കടലാസ് മൂല്യനിർണയത്തിന് മാത്രമേ ഇപ്പോൾ ഉപയോഗിക്കുന്നുള്ളൂ. പരീക്ഷയ്ക്കുള്ള ചോദ്യപേപ്പർ തയ്യാറാക്കുന്നതും മൂല്യനിർണ്ണയത്തിന് ശേഷമുള്ള മറ്റെല്ലാ നടപടികളും ഇപ്പോൾ നിലവിലുള്ള സംവിധാനത്തിൽ തന്നെയായിരിക്കും നടത്തുന്നത്. ഒ.എം.ആർ. വഴിയുള്ള മൂല്യനിർണ്ണയത്തിലും ഇപ്പോൾ നിലവിലുള്ള രഹസ്യസ്വഭാവം നിലനിർത്തുന്നതാണ്. ഏതെങ്കിലും പരീക്ഷകളെക്കുറിച്ച് ആക്ഷേപമുണ്ടായാൽ പി.എസ്.സി. അന്വേഷണം നടത്തുകയും ആക്ഷേപത്തിൽ കഴമ്പുണ്ടെന്ന് കണ്ടാൽ പരീക്ഷ റദ്ദാക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുകയും കുറ്റക്കാർക്കെതിരെ ശിക്ഷാ നടപടികൾ കൈക്കൊള്ളുകയും ചെയ്തുവരുന്നു.

(സി) പരീക്ഷാ നടത്തിപ്പിൽ നിലവിലുള്ള രീതികൾ തുടരുന്നതാണ്.

പി.ഡബ്ല്യൂ.ഡി. ഇറിഗേഷൻ വകുപ്പുകളിലെ നിയമനത്തിന് ഒരുമിച്ചുള്ള നോട്ടിഫിക്കേഷൻ നടത്താൻ നടപടി

38(1510)ശ്രീ. പാലോട് രവി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) പി.ഡബ്ല്യൂ.ഡി. ബൈഫർക്കേഷൻ ഓർഡർ ജി.ഒ.(പി) നമ്പർ 27/90/പി.ഡബ്ല്യൂ.തീയതി 29.3.1990 അനുസരിച്ച് പി.ഡബ്ല്യൂ.ഡി./ഇറിഗേഷൻ ഡിപ്പാർട്ടുമെന്റുകളുടെ നിയമനങ്ങൾ ഒരുമിച്ചാണോ നടത്തുന്നത്.

(ബി) പി.എസ്.സി. നോട്ടിഫിക്കേഷൻ കാറ്റഗറി നമ്പർ 13/92 തീയതി 17.1.1992 അസിസ്റ്റന്റ് എഞ്ചിനീയർ പി.ഡബ്ല്യൂ.ഡി./ഇറിഗേഷൻ (ഡിപ്പാർട്ടുമെന്റ് കാട്ടാ) നിയമനം നടത്തിയത് ജി.ഒ.(പി) നമ്പർ 27/90/പി.ഡബ്ല്യൂ. ആന്റ് റ്റി 7(21) അനുസരിച്ചാണോ;

(സി) അസിസ്റ്റന്റ് എഞ്ചിനീയർ പി.ഡബ്ല്യൂ.ഡി. ഇറിഗേഷൻ നോട്ടിഫിക്കേഷൻ കാറ്റഗറി നമ്പർ 13/92 തീയതി 17-1-1992-നും കാറ്റഗറി നമ്പർ 101/95 തീയതി 27-6-1995-നും ആധാരമായ ഒഴിവുകൾ പൂർണ്ണമായും ബൈഫർക്കേഷനു ശേഷമുള്ള ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിൽ നിന്നാണോ;

(ഡി) കാറ്റഗറി നമ്പർ 101/95 തീയതി 27-6-1995-ന്റെ നോട്ടിഫിക്കേഷൻ മുഖേനയുള്ള നിയമനം ഇറിഗേഷൻ ഉദ്യോഗാർത്ഥികൾക്ക് മാത്രമായി പരിമിതപ്പെടുത്തിയതിലെ അപാകതകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) പി.എസ്.സി. നോട്ടിഫിക്കേഷൻ കാറ്റഗറി നമ്പർ 13/92 തീയതി 17-1-1992 അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ (ഡിപ്പാർട്ടുമെന്റൽ ക്വാട്ട) നിലവിൽ വന്ന റാങ്ക് ലിസ്റ്റിൽ നിന്നും പൊതുമരാമത്ത് വകുപ്പുകളിൽ 25-11-1993-ൽ നിലവിൽവന്ന റാങ്ക് ലിസ്റ്റിൽ നിന്നും പൊതുമരാമത്ത് ഓപ്റ്റു ചെയ്ത എത്രപേർക്ക് നിയമനം ലഭിച്ചുവെന്ന് വ്യക്തമാക്കുമോ;

(എഫ്) ബൈഫർക്കേഷൻ ഓർഡർപ്രകാരവും, കോടതിവിധി പ്രകാരവും പി.ഡബ്ല്യൂ.ഡി. ഇറിഗേഷൻ വകുപ്പുകളിലേക്ക് ഒരുമിച്ചുള്ള നോട്ടിഫിക്കേഷൻ നം.101/95 തീയതി 27-6-1995 പ്രകാരമുള്ള നിയമന നടപടികൾ എത്രയുംവേഗം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)-(എഫ്) വിശദമായ വിവരങ്ങൾ ശേഖരിച്ചു വരുന്നു.

നെടുമ്പാശ്ശേരി വിമാനത്താവള കമ്പനിയിൽ പട്ടികജാതി-പട്ടികവർഗ്ഗ ജാതിയിൽപ്പെട്ടവർക്ക് നിയമനം

39 (1511)ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ;

(എ) നെടുമ്പാശ്ശേരി രാജ്യാന്തര വിമാനത്താവള കമ്പനിയിൽ എത്ര നിയമനങ്ങൾ ഇതുവരെ നടത്തിയിട്ടുണ്ട്;

(ബി) അതിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടിട്ടുള്ളവർ എത്ര;

(സി) പ്രസ്തുത നിയമനങ്ങളിൽ പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടിട്ടുള്ളവർക്ക് അർഹമായ പ്രാതിനിധ്യം ലഭിച്ചിട്ടില്ലെന്നുള്ളതായി പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഇ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടിട്ടുള്ളവർക്ക് അർഹമായ പ്രാതിനിധ്യം നൽകി ഈ കമ്പനിയിൽ നിയമനം നടത്തുന്നകാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) 202 സ്ഥിരം നിയമനങ്ങളും 30 താൽക്കാലിക നിയമനങ്ങളും നടത്തിയിട്ടുണ്ട്.

(ബി) ആകെ 7 പേർ

(സി) ഉണ്ട്.

(ഡി)&(ഇ) ഈ കമ്പനി സ്വകാര്യ മേഖലയിലായിരുന്നു. ഇത് പൊതു മേഖലയിലാക്കാൻ ഈ സർക്കാർ തീരുമാനമെടുത്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ അർഹമായ പ്രാതിനിധ്യം നൽകാൻ നടപടി എടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly